# പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 2807 21.06.2012 ൽ മറുപടിക്ക്**

**<u>കോഴിക്കോട് സിറ്റി റോഡ്സ് ഇംപ്രൂവ്മെന്റ് പ്രോജക്ട്</u>**

| **ചോദ്യം** | **ഉത്തരം** |
| --- | --- |
| ശ്രീ. എ.പ്രദീപ്കുമാർ | ശ്രീ. വി.കെ. ഇബ്രാഹിം കുഞ്ഞ് ( പൊതുമരാമത്ത്വകുപ്പു മന്ത്രി) |
| (എ) കോഴിക്കോട് സിറ്റി റോഡ്സ് ഇംപ്രൂവ്മെന്റ് പ്രോജക്ട് പ്രകാരം ഇപ്പോൾ എന്തെല്ലാം പ്രവൃത്തികളാണ് നടന്നുവരുന്നതെന്ന് പറയാമോ ; | (എ) കോഴിക്കോട് നഗര റോഡു വികസന പദ്ധതിയുടെ ഒന്നാം ഘട്ടത്തിൽ ഉൾപ്പെടുത്തിയിട്ടുള്ള മൂന്നു റോഡുകളുടെ വികസനത്തിനാവശ്യമായ സ്ഥലമെടുപ്പ് നടപടികൾ പൂർത്തിയായി. മറ്റ് മൂന്നു റോഡുകളുടെ സ്ഥലമെടുപ്പ് നടപടികൾ പുരോഗമിച്ചു വരുന്നു. ഫ്രാൻസിസ് റോഡിന്റെ വികസനത്തിനായുള്ള സ്ഥലമെടുപ്പിന് ഭരണാനുമതി നൽകുന്ന കാര്യം പരിഗണിച്ചുവരുന്നു. |
| (ബി) ഓരോ പ്രവൃത്തിയുടേയും ഇപ്പോഴത്തെ സ്ഥിതി വിശദമാക്കുമോ ? | (ബി) സ്റ്റേഡിയം - പുതിയറ, കോവൂർ-വെള്ളിമാടുകുന്ന്, കാരാപ്പറമ്പ - കല്ലുത്താൻ കടവ് എന്നീ മൂന്നു റോഡുകളുടെ സ്ഥലമെടുപ്പ് നടപടികൾ പൂർത്തിയായി. ഗാന്ധി റോഡ് - മിനിബൈപ്പാസ്, പനത്തുതാഴം - സിഡബ്ല്യു.ആർ.ഡി.എം, മാനാഞ്ചിറ - വെള്ളിമാടുകുന്ന് എന്നീ റോഡുകളുടെ സ്ഥലമെടുപ്പ് നടപടികൾ പുരോഗമിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ